ഫോം മാറ്റിംഗ്(ഇന്ത്യ) ലിമിറ്റഡിൽ സ്റ്റെനോ ടൈപ്പിസ്റ്റ് (കാറ്റഗറി നമ്പർ:293/12), കേരള വാട്ടർ അതോറിറ്റിയിൽ എൽ.ഡി. ടൈപ്പിസ്റ്റ് (കാറ്റഗറി നമ്പർ.296/2012), മലബാർ സിമന്റ്സ് ലിമിറ്റഡിൽ സ്റ്റെനോഗ്രാഫർ ഗ്രേഡ് **V** (കാറ്റഗറി നമ്പർ. 9/2011) എന്നീ മൂന്ന് തസ്തികകൾക്കും കൂടി ഒരു പൊതു പരീക്ഷ **(OMR Test) 09.10.2013** -ാം തീയതി രാവിലെ 8.00 മണി മുതൽ 9.15 മണി വരെ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. പ്രസ്തുത പരീക്ഷകളിൽ കാറ്റഗറി നമ്പർ 293/12, 296/12 എന്നീ തസ്തികകളുടെ അഡ്മിഷൻ ടിക്കറ്റ് ഉദ്യോഗാർത്ഥികൾ അവരുടെ യൂസർഐഡിയും പാസ്സ്‌വേഡും ഉപയോഗിച്ച് പ്രൊഫൈലിൽ നിന്നും കാറ്റഗറി നമ്പർ 9/11 തസ്തികയുടെ അഡ്മിഷൻ ടിക്കറ്റ് **www.keralapsc.gov.in** എന്ന കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കണം. കാറ്റഗറി നമ്പർ 293/12, 296/12 എന്നീ തസ്തികകൾക്ക് മാത്രം അപേക്ഷിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾ കാറ്റഗറി നമ്പർ 293/12 ന്റെ സെന്ററിൽ പരീക്ഷയ്ക്ക് ഹാജരാകണം. കാറ്റഗറി നമ്പർ 293/12, 09/11 എന്നീ തസ്തികകൾക്ക് മാത്രം അപേക്ഷിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾ, കാറ്റഗറി നമ്പർ 09/11 തസ്തികയുടെ സെന്ററിൽ ഹാജരാകണം. കാറ്റഗറി നമ്പർ 296/12, കാറ്റഗറി നമ്പർ 09/11 എന്നീ തസ്തികകൾക്ക് മാത്രം അപേക്ഷിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾ കാറ്റഗറി നമ്പർ 09/11 തസ്തികയുടെ സെന്ററിൽ ഹാജരാകണം. മൂന്ന് തസ്തികകൾക്കും കൂടി അപേക്ഷിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾ 09/11 തസ്തികയുടെ സെന്ററിൽ ഹാജരാകണം. പൊതു പരീക്ഷയുടെ നിർദ്ദേശങ്ങൾ, ഉദ്യോഗാർത്ഥികളുടെ അഡ്മിഷൻ ടിക്കറ്റിൽ ഉൾകൊള്ളിച്ചിട്ടുണ്ട്